# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1607

04-12-2015- ലെ മറുപടിയ്ക്ക്

## ന്യൂനപക്ഷ കമ്മീഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പ് എന്നാണ് രൂപീകരിച്ചത്; | (എ) | 01-01-2011-ലെ സ.ഉ.(പി) നമ്പര് 2/2011/പൊ.ഭ.വ. പ്രകാരം സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമവകുപ്പ് രൂപീകരിച്ചു. |
| (ബി) | ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് രൂപീകരിച്ചത്; ന്യൂനപക്ഷ കമ്മീഷന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ; | (ബി) | 2013 ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഓർഡിനൻസ് (2013 ലെ 37-ാം നമ്പർ ഓർഡിനൻസ്) പ്രകാരം സംസ്ഥാന സർക്കാർ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചു. 2013 ജൂൺ 5-ാം തീയതിയിലെ സ.ഉ (അച്ചടി) 163/2013/പൊ.ഭ.വ പ്രകാരം ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചു.<br>ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും സാമ്പത്തികവും, വിദ്യാഭ്യാസപരവും, ഭാഷപരവുമായ, അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുന്നതിനെ കുറിച്ചുള്ള പ്രത്യേക പരാതികളിന്മേൽ അന്വേഷണം നടത്തുകയും പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളോടുള്ള വിവേചനങ്ങളിൽ നിന്ന് ഉണ്ടാകുന്ന വിവിധ പ്രശ്നങ്ങൾ പഠന വിധേയമാക്കുകയും ഒഴിവാകുന്നതിന് നടപടികൾ ശുപാർശ ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങളാണ് കമ്മീഷനുള്ളത്. |

| | | | |
|---|---|---|---|
| (സി) | ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനും ഏതെങ്കിലും തരത്തിലുള്ള നടപടികൾ കമ്മീഷന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (സി) | കമ്മീഷൻ മുമ്പാകെ ലഭിക്കുന്ന പരാതി മുഖേനയോ, വാർത്താ മാധ്യമങ്ങൾ മുഖേനയോ ശ്രദ്ധയിൽപ്പെടുന്ന, ന്യൂനപക്ഷങ്ങളെ ബാധിക്കുന്ന എല്ലാ പ്രശ്നങ്ങളിലും കമ്മീഷൻ ഇടപെട്ട് പരിഹാരം നിർദേശിച്ചിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമ, ശാക്തീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘടനകൾ, വ്യക്തികൾ തദ്ദേശ ഭരണ പ്രതിനിധികൾ എന്നിവരുടെ യോഗം ജില്ലാ തലങ്ങളിൽ വിളിച്ച് ചേർത്തും വിവിധ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങൾ സന്ദർശിച്ചും കമ്മീഷന് ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ ശുപാർശ ചെയ്തിട്ടുണ്ട്. ക്രൈസ്തവരുടെ പിന്നോക്കാവസ്ഥ സംബന്ധിച്ചും മുസ്ലീം പെൺകുട്ടികളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയുമായി ബന്ധപ്പെട്ടുള്ള വിഷയം സംബന്ധിച്ചും കമ്മീഷൻ പഠനം നടത്തി വരുന്നു. |
| (ഡി) | കമ്മീഷന്റെ ആസ്ഥാനം എവിടെയാണ്; ആരൊക്കെയാണ് കമ്മീഷൻ അംഗങ്ങൾ; കമ്മീഷന് ഇപ്പോൾ മേഖലാ ഓഫീസുകൾ ഉണ്ടോ; എങ്കിൽ എവിടെയൊക്കെ; ഇല്ലെങ്കിൽ കമ്മീഷന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കാൻ മേഖലാ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിയ്ക്കുമോ; | (ഡി) | തിരുവനന്തപുരത്താണ് കമ്മീഷൻ ആസ്ഥാനം. അഡ്വ. എം. വീരാൻകുട്ടി (ചെയർമാൻ), അഡ്വ. വി.വി ജോഷി(മെമ്പർ), അഡ്വ.കെ.പി. മറിയുമ്മ(മെമ്പർ) എന്നിവരാണ് കമ്മീഷൻ അംഗങ്ങൾ. കമ്മീഷന് മേഖലാ ഓഫീസുകൾ ഇല്ല. എന്നാൽ കമ്മീഷന്റെ സിറ്റിംഗുകൾ വിവിധ ജില്ലകളിൽ വച്ച് നടത്താറുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ന്യൂനപക്ഷങ്ങൾക്കായി ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ; എന്തൊക്കെയാണ് ഇതിന്റെ ലക്ഷ്യങ്ങൾ; എന്തൊക്കെ പദ്ധതികളാണ് കോർപ്പറേഷൻ മുഖേന നടപ്പാക്കുന്നത്; ഓരോന്നിന്റെയും മാനദണ്ഡങ്ങളും, വിശദാംശങ്ങളും, അപേക്ഷകളുടെ മാതൃകകളും ലഭ്യമാക്കുമോ? | (ഇ) | ഉണ്ട്. ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക സാംസ്ക്കാരിക സാമ്പത്തിക വിദ്യാഭ്യാസ ഉന്നമനത്തിനും ന്യൂനപക്ഷങ്ങളിൽ ദുർബലരായ ജനവിഭാഗത്തിന്റെ ജീവിത നിലവാരം ഉയർത്തിക്കോണ്ട് വരുന്നതിനും ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ വായ്പയും ധനസഹായവും നൽകുക എന്നതാണ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ലക്ഷ്യം.<br><br>കോർപ്പറേഷൻ നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. പദ്ധതികൾക്കായുള്ള അപേക്ഷാ ഫോറങ്ങളുടെ മാതൃക കെ.എസ്.എം.ഡി.എഫ്.സി. യുടെ വെബ്സൈറ്റിൽ ലഭ്യമാണ്. (www.ksmdf.org) |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

### 1. സ്വയം തൊഴിൽ വായ്പ

| വിവിധ വായ്പ | പരമാവധി തുക | പലിശ | കാലാവധി | വയസ്സ് |
|---|---|---|---|---|
| എ) സ്വയം തൊഴിൽ | 10 ലക്ഷം | 6% | 60 മാസം | 18–56 |
| ബി) പ്രവാസി വായ്പ (സ്വയം തൊഴിൽ) | 10 ലക്ഷം | 5% | | |
| സി) നിതാഖാത്ത് (സ്വയം തൊഴിൽ) | 10 ലക്ഷം | 3% | | |
| ഡി) വിസാ വായ്പ | 3 ലക്ഷം | 5% | | |

വാർഷിക വരുമാന പരിധി ഗ്രാമങ്ങളിൽ 81,000 രൂപയും നഗരങ്ങളിൽ 1,03,000 രൂപയും. (ക്രമനമ്പർ (എ) പ്രകാരമുള്ള എൻ.എം.ഡി.എഫ്.സി. സ്വയം തൊഴിൽ വായ്പാ സ്കീമിൽ കുടുംബവാർഷിക വരുമാനം 6 ലക്ഷം രൂപയിൽ കവിയാൻ പാടില്ല. എന്നാൽ ഗ്രാമങ്ങളിൽ 81,000 രൂപയും നഗരങ്ങളിൽ 1,03,000 രൂപയിലും കുറഞ്ഞ വാർഷിക വരുമാനമുള്ളവർക്ക് മുൻഗണന ലഭിക്കും)

### 2. വിദ്യാഭ്യാസ വായ്പ (സ്റ്റുഡന്റ്സ് പ്ലസ്)

പ്രൊഫഷണൽ / ടെക്നിക്കൽ കോഴ്സുകളിൽ ചേരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്വദേശത്ത് പഠിക്കാൻ പരമാവധി 10 ലക്ഷം രൂപയും വിദേശത്ത് പഠിക്കാൻ 20 ലക്ഷം രൂപ വരെയും അനുവദിക്കും. 3 ശതമാനമാണ് പലിശ നിരക്ക്. കോളേജ് അഡ്മിഷൻ ഫീസ്, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, ഹോസ്റ്റൽ ചെലവുകൾ എന്നീ ഇനങ്ങളിലാണ് തുക അനുവദിക്കുന്നത്. കേന്ദ്ര/സംസ്ഥാന സർക്കാർ, യു.ജി.സി., എ.ഐ.സി.റ്റി.ഇ., എം.സി.ഐ., തുടങ്ങിയ സ്ഥാപനങ്ങൾ അംഗീകരിച്ച കോഴ്സുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. വാർഷിക വരുമാന പരിധി ഗ്രാമങ്ങളിൽ 81,000 രൂപയും നഗരങ്ങളിൽ 1,03,000 രൂപ.

### പേരന്റ് പ്ലസ് (വിദ്യാഭ്യാസ വായ്പ)

| | പരമാവധി തുക | പലിശ | കാലാവധി | വയസ്സ് |
|---|---|---|---|---|
| കുട്ടികളുടെ വിദ്യാഭ്യാസത്തിന് വേണ്ടി രക്ഷിതാക്കൾക്കുള്ള വായ്പ (വരുമാന പരിധി ബാധകമല്ല) | 5 ലക്ഷം (1.5 മുതൽ 2 ലക്ഷം വരെ വർഷത്തിൽ) | 7% | 60 മാസം | 18–55 |

**3. ഉദ്യോഗസ്ഥ വായ്പ (വരുമാനപരിധി ബാധകമല്ല)**

| ജാമ്യം | പരമാവധി തുക | പലിശ | കാലാവധി | വയസ്സ് |
|---|---|---|---|---|
| അപേക്ഷകന്റെ സ്വന്തം ജാമ്യം | 1.5 ലക്ഷം | 7% | 60 മാസം | 18–55 |
| ഒരാളുടെ ജാമ്യം | 2.5 ലക്ഷം | | | |
| അപേക്ഷകനും മറ്റൊരാളും ജാമ്യം | 3 ലക്ഷം | | | |
| പരസ്പര ജാമ്യം | 2.5 ലക്ഷം | | | |

വായ്പകൾക്ക് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നിയമാവലി അനുസരിച്ചുള്ള ഉദ്യോഗസ്ഥ / വസ്തു ജാമ്യം ഈടായി നൽകേണ്ടതാണ്.

**4. മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധി അംഗങ്ങൾക്ക് ഭവന വായ്പ**

മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി അംഗങ്ങൾക്ക് 2.5 ലക്ഷം രൂപ വീതം പലിശ രഹിത ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നതിനുള്ള പദ്ധതി പ്രകാരം 200 പേർക്ക് വായ്പ നൽകുന്നതിനുള്ള ഭരണ ചെലവ് വഹിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ട്. നിലവിലുള്ള വീടുകൾ പുതുക്കുന്നതിനും / റിപ്പയർ ചെയ്യുന്നതിനുമാണ് ഈ പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നത്.

**5. മൈക്രോ ഫിനാൻസ്**

പഞ്ചായത്ത് – മുൻസിപ്പൽ സി.ഡി.എസ്. മുഖേനയും നിയമാനുസൃതം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന മൂന്ന് വർഷത്തെ പ്രവർത്തനമികവുള്ള എൻ.ജി.ഒ. / സന്നദ്ധ സംഘടനകൾ വഴിയുമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. വായ്പക്കാർക്ക് ഈട് ആവശ്യമില്ല. സന്നദ്ധ സംഘടനകൾക്ക് ചുരുങ്ങിയത് ആറു മാസമെങ്കിലും പ്രായമുള്ള സ്വയം സഹായഗ്രൂപ്പുകൾ ഉണ്ടായിരിക്കണം. കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ വഴി ഏറ്റവും ദരിദ്രരായവർക്ക് വരുമാനദായകമായ ഏതെങ്കിലും ചെറുകിട സംരംഭങ്ങളിലോ തൊഴിലുകളിലോ ഏർപ്പെടുന്നതിന് വേണ്ടി കുറഞ്ഞ തുക വേഗത്തിലും നടപടിക്രമങ്ങൾ ഒഴിവാക്കിക്കൊണ്ടും ലഭ്യമാക്കുക എന്നുള്ളതാണ് മൈക്രോ ഫിനാൻസ് കൊണ്ട് ഉദ്ദേശിക്കുന്നത്. 2% പലിശ നിരക്കിൽ 25 ലക്ഷം രൂപ വരെ വായ്പ നൽകുന്നു. വായ്പാ കാലാവധി 3 വർഷം. ഒരു വ്യക്തിക്ക് 50,000 രൂപ വരെ ഇപ്രകാരം ലഭിക്കും. വ്യക്തിഗത ഗുണഭോക്താവിന്റെ അപേക്ഷയോ ജാമ്യമോ ആവശ്യമില്ല. സി.ഡി.എസ്. / എൻ.ജി.ഒ. ഗ്രൂപ്പിൽ 75% ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവരായിരിക്കണം. പഞ്ചായത്ത് – മുൻസിപ്പൽതല സി.ഡി.എസ്.-കൾക്ക് മുൻഗണന നൽകും. എൻ.ജി.ഒ. – കൾക്കുള്ള വായ്പാ തുക നിശ്ചയിക്കുന്നത് അവയുടെ പ്രവർത്തന പാരമ്പര്യവും സംഘത്തിന്റെ വാർഷിക നെറ്റ് വർത്തും കണക്കിലെടുത്തായിരിക്കും. സമാന സ്വഭാവമുള്ള സ്ഥാപനങ്ങളിൽ നിന്നും മൈക്രോ വായ്പ എടുത്തവരെ പരിഗണിക്കുന്നതല്ല.

**6. സൗജന്യ പരിശീലനം**

വൊക്കേഷണൽ ട്രൈനിംഗ്, സ്കിൽ ഡെവലപ്മെന്റ്, സംരംഭകത്വ വികസന പരിശീലനം എന്നിവ കോർപ്പറേഷൻ ആവിഷ്കരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ